ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) 613.

(ബി) 159.

(സി) ലോറികളുടെ ഓവർ സ്പീഡു നിയന്ത്രിക്കാൻ നടപടികളും എടുക്കുന്നുണ്ടു്. മോട്ടോർവാഹന നിയമങ്ങളും കർശനമായി നടപ്പാക്കുക, ഓവർ സ്പീഡും ഓവർ ലോഡും കുറയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക മുതലായ നടപടികളും ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. എം. വി. വാസു : അപകടം ഉണ്ടായി കാമ്പൻസേഷൻ ആവശ്യപ്പെട്ടപ്പോഴും, പെർമിറ്റില്ലാത്ത റോഡിൽക്കൂടി ഓടിച്ചപ്പോഴും അപകടം സംഭവിച്ചതായതുകൊണ്ടു കാമ്പൻസേഷൻ കിട്ടാതെ വരുന്നുണ്ടു്. ഒന്നുകിൽ പെർമിറ്റില്ലാത്ത റോഡുകളിൽക്കൂടി ലോറികളും ഓടാൻ അനുവദിക്കരുതു്. അല്ലെങ്കിൽ, അങ്ങനെ ഓടിക്കുമ്പോഴും അപകടം ഉണ്ടായാൽ കമ്പൻസേഷൻ കിട്ടുവാൻ വ്യവസ്ഥ ചെയ്യണം.

ശ്രീ. കെ. ടി. അച്യുതൻ : പെർമിറ്റില്ലാതെ ഓടിക്കുന്ന ലോറികളുടെ പേരിൽ നടപടി എടുക്കുന്നുണ്ടു്. കാമ്പൻസേഷൻ കിട്ടാതെ വന്നിട്ടുള്ളതായി പരാതി കിട്ടിയിട്ടില്ല. പരാതി വന്നാൽ അതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു് : ലോറികളും ഓടിക്കാൻ പാടില്ലെന്നു ബോർഡെഴുതിവച്ചിട്ടുള്ള റോഡുകളിൽക്കൂടി ലോറികളും ഓടിക്കുന്ന വിവരി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ ബോർഡു സ്ഥാപിച്ചിട്ടുള്ളതിന്റെ താൽപര്യം ഓടിക്കാൻ പാടില്ലെന്നാണു്. അതിനു് പ്രത്യേകം വാച്ചുമാന്മാരേയോ, പോലീസു ഡ്യൂട്ടിയോ ഏർപ്പാടു ചെയ്തിട്ടില്ല. കഴിയുന്നതു ഓടിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ പാലിക്കണം. രാത്രികാലങ്ങളിൽ ഓടിക്കുന്നുണ്ടോ എന്നു അറിയാൻ പാടില്ല.

WRITTEN ANSWERS.

ബസ്സുറൂട്ടുകളുടെ ദേശസാൽക്കരണം.

* 532. [16] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) 1960—നുശേഷം ഏതെല്ലാം ബസ്സു റൂട്ടുകൾ ദേശസാൽക്കരിച്ചിട്ടുണ്ടു് ;

(ബി) അടുത്ത സാമ്പത്തികവർഷത്തിൽ ഏതെങ്കിലും റൂട്ട് ദേശസാൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ;

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ചോദ്യമുദിക്കുന്നില്ല.

† Placed in the library.

LIBRARY ARCHIVES Kerala Legislative Assembly